

# ഖുർആൻ ബോധനം

അല്ലാഹുവിന്റെ ചിഹ്നങ്ങളോടുള്ള ആദരവും കാലികളുടെ ആഹാരയോഗ്യതയും വിഗ്രഹ വർജനവും പൊളിവചന വർജനവും പരാമർശിച്ച ഉടനെ ബഹുദൈവത്വത്തിന്റെ കെടുതിയെ വർണിച്ചതിന്റെ സൂചന അത്തരം അനുശാസനങ്ങളുടെ നിഷേധം വിഗ്രഹാരാധനപരമാണെന്നും അതുകൊണ്ടുള്ള ദോഷം അല്ലാഹുവിനല്ല മനുഷ്യർക്ക് തന്നെയാണെന്നുമാകുന്നു.

▸ എ.വൈ.ആർ

### സൂറ-22
# അൽഹജ്ജ്

29. അനന്തരം അവരുടെ അശണ്ടകൾ നീക്കം ചെയ്യട്ടെ. നേർച്ചകൾ വീട്ടട്ടെ. ഈ പുണ്യപുരാതന മന്ദിരത്തെ പ്രദക്ഷിണം ചെയ്യട്ടെ.

ثُمَّ لْيَقْضُوا۟ تَفَثَهُمْ وَلْيُوفُوا۟ نُذُورَهُمْ وَلْيَطَّوَّفُوا۟ بِٱلْبَيْتِ ٱلْعَتِيقِ ﴿٢٩﴾

**29**

ثُمَّ لْيَقْضُوا۟ = പിന്നെ അവർ വീട്ടട്ടെ, തീർക്കട്ടെ(നീക്കം ചെയ്യട്ടെ)  തَفَثَهُمْ = അവരുടെ ചടങ്ങുകൾ, അശണ്ടകൾ

وَلْيُوفُوا۟ نُذُورَهُمْ = അവരുടെ നേർച്ചകൾ വീട്ടുകയും ചെയ്യട്ടെ

وَلْيَطَّوَّفُوا۟ = അവർ പ്രദക്ഷിണം ചെയ്യട്ടെ  بِٱلْبَيْتِ ٱلْعَتِيقِ = ഈ പുണ്യപുരാതന മന്ദിരത്തെ

تفث-നെയാണ് അശണ്ടകൾ എന്നു തർജമ ചെയ്തിരിക്കുന്നത്. ശരീരത്തിൽ വളരുന്ന അനാവശ്യ രോമങ്ങളും നഖവും, വസ്ത്രത്തിലും മറ്റും പുരണ്ട അഴുക്കുകളുമാണ് ഉദ്ദേശ്യം. ഇത്തരം അശണ്ടകൾ നീക്കം ചെയ്യലാണ് قضاء التفث. ബലികർമത്തിൽനിന്നു വിരമിച്ച ശേഷമുള്ള, ഹജ്ജിന്റെ അവസാന ചടങ്ങുകളെക്കുറിച്ചുണർത്തുകയാണ്. ഇഹ്റാമിന്റെ നിബന്ധനകളും ഹജ്ജു ചടങ്ങുകളിൽ നിരതരാകുന്നതും മൂലം ഹാജിയുടെ ശരീരത്തിൽ രോമവും നഖങ്ങളും വളരുന്നതും അഴുക്കു പുരളുന്നതും സ്വാഭാവികമാണ്. ഇഹ്റാം വേളയിൽ ഹാജി ആ അവസ്ഥയിൽ തന്നെ കഴിയുന്നതാണ് അല്ലാഹുവിനിഷ്ടം. എന്നാൽ ഹജ്ജു കഴിഞ്ഞാൽ അശണ്ടകളെല്ലാം നീക്കം ചെയ്ത് വസ്ത്രം മാറി ഇഹ്റാമിൽ നിന്ന് മുക്തനാവണം. വല്ല ബലിയോ മറ്റോ നേർച്ചയാക്കിയിട്ടുണ്ടെങ്കിൽ അതു നിറവേറ്റണം. കഅ്ബയെ അവസാന പ്രദക്ഷിണവും ചെയ്ത് ഹജ്ജിൽ നിന്നു വിരമിക്കുകയും വേണം.

تفثന് ചിലർ ഹജ്ജ് ചടങ്ങുകൾ എന്നാണർഥം കൽപിച്ചിട്ടുള്ളത്. ഭാഷാവിശാരദന്മാരായ ഫർറാഉം സജാജും ഈ അഭിപ്രായക്കാരാണ്. ഇബ്നു ഉമറും ഇബ്നു അബ്ബാസും ഇങ്ങനെ പറഞ്ഞിട്ടുള്ളതായും ഉദ്ധരിക്കപ്പെടുന്നു. ഹജ്ജ് ചടങ്ങുകളുടെയും കർമങ്ങളുടെയും സാകല്യമാണ് تفث. ചേറും ചെളിയുമാണ് تفث എന്നത്രെ നഫ്ത്വവൈഹി പറയുന്നത്. അദ്ദേഹം ഉദ്ധരിക്കുന്നു: ഒരു ഗ്രാമീണ അറബി(അഅ്റാബി) യോട് ثُمَّ لْيَقْضُوا۟ تَفَثَهُمْ എന്ന വാക്കിന്റെ അർഥം ചോദിച്ചപ്പോൾ അയാൾ എന്നോടു പറഞ്ഞു: ഞാൻ ഖുർആൻ വ്യാഖ്യാനിക്കാനില്ല. പക്ഷേ, ഞങ്ങൾ ആളുകളോട് നീ അഴുക്കു പുരണ്ടതെങ്ങനെ എന്ന അർഥത്തിൽ ماتفثك اي مادرنك എന്നു ചോദിക്കാറുണ്ട്. വിധിക്കുക, നടപടി പൂർത്തിയാക്കുക, നടപ്പിലാക്കുക എന്നെല്ലാം അർഥമുള്ള اقضوا എന്ന വാക്ക് മുമ്പിൽ വന്നത് കർമങ്ങളുടെ പൂർത്തീകരണത്തെക്കുറിക്കുന്നു എന്ന നിലക്കാണ് تفث ന് പലരും ഹജ്ജ് കർമങ്ങൾ എന്ന അർഥം കൽപിക്കുന്നത്. അതിനാൽ ചില പണ്ഡിതന്മാർ تفث ൽ മുടി മുറിക്കൽ തുടങ്ങിയ ഇഹ്റാമിൽ നിന്നു മുക്തമാകുന്ന കാര്യങ്ങൾക്കു പുറമെ കല്ലേറും(الرّمي) അറവും(الذّبح) കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. നീക്കം ചെയ്തു(أزال) എന്ന അർഥവും قضى ക്ക് ഉള്ളതിനാൽ تفثനെ അശണ്ട എന്ന അർഥത്തിലെടുക്കുന്നതാണ് കൂടുതൽ ഉചിതം. ഏതർഥത്തിലെടുത്താലും സാരാം

ശത്തിൽ കാര്യമായ മാറ്റമില്ല.

نَذَر(നേർച്ച) ന്റെ ബഹുവചനമാണ് نُذُور. അല്ലാഹു നിർബന്ധമായി കൽപിച്ചിട്ടില്ലാത്ത ഒരു കാര്യം അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി നിർബന്ധമായി അനുഷ്ഠിക്കാൻ സ്വയം തീരുമാനിക്കുകയാണ് ശരീഅത്തിന്റെ ഭാഷയിൽ നേർച്ച. അതു നമസ്കാരമാവാം, വ്രതാനുഷ്ഠാനമാവാം, അന്നദാനമാകാം, ബലികർമമാകാം, മറ്റു പുണ്യകർമങ്ങളാകാം. ചില നേർച്ചകൾ നിരുപാധികമായിരിക്കും. ഉദാ: ദൈവപ്രീതിക്കുവേണ്ടി പത്ത് പാവങ്ങൾക്ക് അന്നദാനം ചെയ്യാൻ ഞാൻ നേരുന്നു. ഇത്തരം നേർച്ചകൾ വീട്ടേണ്ടത് നേരുന്നവന്റെ നിർബന്ധബാധ്യതയായിത്തീരുന്നു. ചിലത്, നേരുന്നവന്റെ ആഗ്രഹ സാഫല്യവുമായി ബന്ധിപ്പിച്ചതാവാം. ഉദാ: എന്റെ ഇന്ന ആഗ്രഹം സഫലമാവുകയാണെങ്കിൽ ഞാൻ പത്ത് പാവങ്ങൾക്ക് അന്നദാനം നേരുന്നു. ഉപാധിവെച്ചുള്ള നേർച്ചയെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ല. മസ്ജിദുൽ ഹറാമിൽ ഇത്രനാൾ നോമ്പനുഷ്ഠിക്കും, ഭജനമിരിക്കും, ഇത്ര പേർക്ക് അന്നദാനം ചെയ്യും, മക്കയിൽ ഇത്ര ബലിയർപ്പിക്കും എന്നൊക്കെ ഹാജിമാർ നേർച്ച നേരാറുണ്ട്. ഇസ്‌ലാമിനു മുമ്പും ഈ സമ്പ്രദായമുണ്ടായിരുന്നു. ഇബ്റാഹീം നബി(അ)യുടെ ഹജ്ജ് വിളംബരത്തിന്റെ തന്നെ ഭാഗമായിരുന്നു ഇതെന്നാണ് ഈ സൂക്തത്തിൽ നിന്നു വ്യക്തമാകുന്നത്.

ഹജ്ജിന്റെ അതിപ്രധാനമായ അനുഷ്ഠാനമാണ് ത്വവാഫ്(കഅ്ബ പ്രദക്ഷിണം). ഇഹ്റാമിനു ശേഷമുള്ള ഹജ്ജ് കർമങ്ങളുടെ തുടക്കവും ഒടുക്കവും ത്വവാഫിലൂടെയാണ്. ഇവിടെ ഉദ്ദേശിക്കുന്നത് ത്വവാഫുൽ ഇഫാദ(പിരിഞ്ഞു പോകുമ്പോഴുള്ള ത്വവാഫ്) ആണെന്ന് മുഫസ്സിറുകൾ വ്യക്തമാക്കിയിരിക്കുന്നു.

മനുഷ്യരിലാരുടെയും ഉടമസ്ഥതയിലല്ലാതെ സ്വതന്ത്രമായി നിൽക്കുന്ന വസ്തുവാണ് عتيق. മഹിതമായ പാരമ്പര്യവും പഴക്കവുമുള്ളത് എന്ന അർഥത്തിലും ഇതുപയോഗിക്കും. രണ്ട് അർഥവും ഇവിടെ ഉദ്ദേശ്യമാകാം. മനുഷ്യരിലാർക്കും ഉടമസ്ഥാധികാരമില്ലാതെ തികച്ചും സ്വതന്ത്രമായി നിലകൊള്ളുന്ന ഭവനമാണ് കഅ്ബ. ഏകദൈവാരാധനക്കായി ലോകത്ത് ആദ്യമായി നിർമിക്കപ്പെട്ട ആ ഭവനത്തിന് ബഹുസഹസ്ര സംവത്സരങ്ങളുടെ പഴക്കവും പാരമ്പര്യവുമുണ്ട്. നബി(സ) പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിക്കുന്നു: "അൽ ബൈതിനെ- കഅ്ബയെ- അല്ലാഹു عتيق എന്നു വിശേഷിപ്പിച്ചത് അതിനെ സകല സർവാധിപതികളിൽനിന്നും സ്വേഛാധിപതികളിൽനിന്നും മോചിപ്പിച്ചു നിർത്തിയതുകൊണ്ടു തന്നെയാകുന്നു"

ഈ സൂറയിൽ ഹജ്ജ് സംബന്ധിച്ചു പറയുന്ന കാര്യങ്ങൾ ഇബ്റാഹീം നബിയുടെ ചരിത്രത്തിന്റെ ഭാഗമാണ്. മുഹമ്മദീയ ശരീഅത്തിലെ ഹജ്ജു നിയമങ്ങൾ നിർധാരണം ചെയ്യേണ്ടത് ഈ സൂക്തങ്ങളിൽ നിന്നല്ല; *അൽബഖറ, ആലുഇംറാൻ* സൂറകളിൽ നിന്നും പ്രവാചകചര്യയിൽ നിന്നുമാകുന്നു. ■

## 30

ذَٰلِكَ وَمَن يُعَظِّمْ حُرُمَٰتِ ٱللَّهِ فَهُوَ خَيْرٌ لَّهُۥ عِندَ رَبِّهِۦ ۗ وَأُحِلَّتْ لَكُمُ
ٱلْأَنْعَٰمُ إِلَّا مَا يُتْلَىٰ عَلَيْكُمْ ۖ فَٱجْتَنِبُوا۟ ٱلرِّجْسَ مِنَ ٱلْأَوْثَٰنِ وَٱجْتَنِبُوا۟ قَوْلَ
ٱلزُّورِ ﴿٣٠﴾

**30.** ഇതത്രെ കഅ്ബാലയം സ്ഥാപിതമായതിന്റെ ലക്ഷ്യം. വല്ലവനും അല്ലാഹുവിന്റെ വിശുദ്ധികളെ മാനിക്കുന്നുവെങ്കിൽ അവന്റെ നാഥങ്കൽ അതവന് ഗുണകരമാകുന്നു. കാലികൾ നിങ്ങൾക്ക് ഹിതാഹാരമാക്കപ്പെട്ടിരിക്കുന്നു- നിങ്ങൾക്ക് വിശദീകരിച്ചുതരുന്നതൊഴിച്ച്. ആകയാൽ വിഗ്രഹമാലിന്യങ്ങൾ വർജിക്കുവിൻ. പൊളിവചനങ്ങളും വർജിക്കുവിൻ.

ذَٰلِكَ = ഇതത്രെ (കഅ്ബാലയം സ്ഥാപിതമായതിന്റെ ലക്ഷ്യം)   وَمَن يُعَظِّمْ = വല്ലവനും ആദരിക്കുന്നുവെങ്കിൽ
حُرُمَٰتِ ٱللَّهِ = അല്ലാഹുവിന്റെ വിശുദ്ധികളെ   فَهُوَ خَيْرٌ لَّهُۥ = അത് അവന് ഗുണകരമാകുന്നു   عِندَ رَبِّهِۦ = അവന്റെ നാഥങ്കൽ
وَأُحِلَّتْ لَكُمُ = നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു (ഹിതാഹാരമാക്കപ്പെട്ടിരിക്കുന്നു)   ٱلْأَنْعَٰمُ = കാലികൾ
إِلَّا مَا يُتْلَىٰ عَلَيْكُمْ = നിങ്ങൾക്ക് ഓതപ്പെടു(വിശദീകരിച്ചുതരു)ന്നതൊഴിച്ച്   فَٱجْتَنِبُوا۟ = നിങ്ങൾ വർജിക്കുവിൻ
ٱلرِّجْسَ = മാലിന്യം   مِنَ ٱلْأَوْثَٰنِ = വിഗ്രഹങ്ങളാലുള്ള   وَٱجْتَنِبُوا۟ قَوْلَ ٱلزُّورِ = പൊളിവചനവും വർജിക്കുവിൻ

**സൂ**ക്താരംഭത്തിലെ ذَٰلِكَ ഒരു പൂർണ വാക്യത്തിന്റെ സ്ഥാനത്താണ്. സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയം വീണ്ടും ഉണർത്തുകയാണതിലൂടെ. മസ്ജിദുൽ ഹറാം സ്ഥാപിതമായതിന്റെ ലക്ഷ്യത്തെക്കുറിച്ചാണല്ലോ പറഞ്ഞുകൊണ്ടിരുന്നത്. അത് പരിഗണിച്ചുകൊണ്ടാണതിനെ 'കഅ്ബാലയം സ്ഥാപിതമായതിന്റെ ലക്ഷ്യം' എന്നു പൂരിപ്പിച്ചത്. കഅ്ബയുടെ സ്ഥാപന ലക്ഷ്യം അതിന്റെ നിർമാണ വേളയിൽ ഇബ്റാഹീം നബിക്ക് അല്ലാഹു നൽകിയ ഉപദേശരൂപത്തിലാണിവിടെ അവതരിപ്പിക്കുന്നത്. അത് പരിഗണിച്ചുകൊണ്ട് 'ഇതത്രെ ഇബ്റാഹീം നബിക്ക് അല്ലാഹു നൽകിയ ഉപദേശം' എന്നും പൂരിപ്പിക്കാവുന്നതാണ്. രണ്ടിലേതു തർജമ സ്വീകരിച്ചാലും കഅ്ബയെ തങ്ങൾക്ക് കുത്തകാധികാരമുള്ള മുതലാക്കി കൈകാര്യം ചെയ്യുന്ന ഖുറൈശികൾക്ക് നേരെയുള്ള വിമർശനം ധ്വനിക്കുന്നുണ്ട് ഈ വാക്കിൽ. حرمة ന്റെ

# ഖുർആൻ ബോധനം

ബഹുവചനമാണ് حُرمات. വിശുദ്ധവും പവിത്രവും ആദരണീയവുമാണ് حُرمة. അല്ലാഹുവിന്റെ വിശുദ്ധികൾ എന്നു പറഞ്ഞതിൽ അല്ലാഹു മാനിക്കാൻ കൽപിച്ചിട്ടുള്ള എല്ലാം ഉൾപ്പെടുന്നു. ഹറം പ്രദേശം, മസ്ജിദുൽ ഹറാം, ആദരണീയ മാസങ്ങൾ (اشهر الحرم), ബലിമൃഗങ്ങൾ, ബലിയടയാളമായി ബലിമൃഗങ്ങളുടെ കഴുത്തിലിടപ്പെട്ടവ തുടങ്ങിയവ ഉദാഹരണം. ഇവയെല്ലാം ഇബ്റാഹീ(അ)മിന്റെ കാലം മുതലേ ആദരിക്കപ്പെട്ടു വന്നിട്ടുണ്ട്. അല്ലാഹു നിഷിദ്ധമാക്കിയത് വർജിക്കലും നിർബന്ധമാക്കിയത് സൂക്ഷ്മതയോടെ ആദരിക്കലും حُرمات -നെ ആചരിക്കലാകുന്നു.

ഇവിടെ വിശുദ്ധികളെ -حرمات-മാനിക്കണമെന്ന് പ്രത്യേകം പറയാൻ കാരണം, അത്തരം ഇബ്റാഹീമീ പൈതൃകങ്ങളെ വിഗ്രഹാരാധകർ അവരുടെ ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി മാറ്റിമറിച്ചിരുന്നു എന്നതാണ്. ഉദാ: പരദേശികൾ ഖുറൈശികളിൽ നിന്ന് വാങ്ങുന്ന വസ്ത്രം ധരിച്ചായിരിക്കണം ത്വവാഫ് ചെയ്യുന്നത്. അല്ലെങ്കിൽ നഗ്നരായി ത്വവാഫ് ചെയ്യണം. ദുൽഹജ്ജ് ഉൾപ്പെടെയുള്ള യുദ്ധ നിഷിദ്ധ മാസങ്ങളുടെ വിശുദ്ധി അവർക്കു തോന്നുമ്പോഴൊക്കെ മറ്റു മാസങ്ങളിലേക്ക് മാറ്റിവെച്ചിരുന്നത് മറ്റൊരു ഉദാഹരണം. 'നസീഅ്' എന്നാണിതറിയപ്പെട്ടിരുന്നത്. ഇങ്ങനെ അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുകയും നിഷിദ്ധമാക്കിയത് അനുവദിക്കുകയും ചെയ്തിരുന്നത് അവരുടെ ആരാധനാ മൂർത്തികളുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെ ആധാരമാക്കിയായിരുന്നു. സ്വാർഥ ലാഭങ്ങൾക്കു വേണ്ടി അല്ലാഹുവിന്റെ വിധിവിലക്കുകൾ ലംഘിക്കാൻ പ്രേരിപ്പിക്കുന്ന വിഗ്രഹങ്ങൾ യഥാർഥത്തിൽ ആത്മീയവും ധാർമികവുമായ മാലിന്യങ്ങളാണ്. കഅ്ബയുടെ സ്ഥാപന ലക്ഷ്യം മനസ്സിലാക്കുകയും മാനിക്കുകയും ചെയ്യുന്നവർ അത്തരം മാലിന്യങ്ങളെ വർജിക്കണം. വിഗ്രഹങ്ങളുമായി ബന്ധപ്പെടുത്തിയുള്ള അരുളപ്പാടുകളും നിയമവെളിപാടുകളുമെല്ലാം കേവലം വ്യാജ ജൽപനങ്ങളും പൊളിവചനങ്ങളുമാണ്. അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കള്ളങ്ങളാണ്. കഅ്ബാലയത്തിന്റെ നാഥനായ ഏക്കദൈവത്തിൽ വിശ്വസിക്കുന്നവർ അവ നിശ്ശേഷം തള്ളിക്കളയണം وَٱجۡتَنِبُواْ قَوۡلَ ٱلزُّورِ. തന്നിഷ്ടപ്രകാരം നിയമങ്ങളുണ്ടാക്കി അത് ആധികാരികമാണെന്ന് വരുത്താൻ ദൈവത്തിലേക്ക് ചേർത്തു പറയുന്നതിനെക്കുറിച്ച് *അൽ അൻആം* 140-ാം സൂക്തത്തിൽ وَحَرَّمُواْ مَا رَزَقَهُمُ ٱللَّهُ ٱفۡتِرَآءً عَلَى ٱللَّهِ - അല്ലാഹു അവർക്കരുളിയ വിഭവങ്ങളെ, അവന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചു കൊണ്ട് അവർ നിഷിദ്ധമാക്കി- എന്നു പറയുന്നുണ്ട്.

അല്ലാഹു حرمة ആയി നിശ്ചയിച്ചതിനെ ആദരിക്കുക്കുന്നത് വഴി ഭൗതിക നേട്ടങ്ങൾ ലഭിച്ചെന്നും ലഭിച്ചില്ലെന്നും വരാം. അതെന്തായാലും പരലോകത്ത് അത് വലിയ നേട്ടമായിത്തീരും. അല്ലാഹുവിന്റെ പ്രീതിയും അതുമൂലമുണ്ടാകുന്ന പാപമുക്തിയും സ്വർഗലബ്ധിയുമാണാ നേട്ടം. കാലികൾ ഹിതാഹാരമല്ല എന്ന വിശ്വാസമോ വാദമോ അന്ന് നിലവിലുണ്ടായിരുന്നതുകൊണ്ടല്ല അവയുടെ ആഹാരയോഗ്യത എടുത്തു പറഞ്ഞത്. ആടുമാട് ഒട്ടകങ്ങളുടെ മാംസം അക്കാലത്ത് ലോകത്തെങ്ങും സാധാരണ ഭക്ഷണമായിരുന്നു. എങ്കിലും ചില വിഭാഗങ്ങൾ ചില കാലികളുടെ മാംസം വർജ്യമായി കരുതി. യഹൂദർ ഒട്ടക മാംസം കഴിച്ചിരുന്നില്ല. ബ്രാഹ്മണരിൽ ചിലർക്ക് മാംസാഹാരം തന്നെ വർജ്യമാണ്. ഗോമാംസം അവരെന്നല്ല ആരും കഴിക്കാൻ പാടില്ലെന്ന് ശഠിക്കുന്നു. ഈ 21-ാം നൂറ്റാണ്ടിലും അവർക്ക് അധികാരമുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ അത് കഠിന ശിക്ഷയർഹിക്കുന്ന കുറ്റമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ബലിമൃഗങ്ങളുടെയൊന്നും മാംസം ബലിയുടമകൾ ഭക്ഷിക്കാൻ പാടില്ലെന്നാണ് ജാഹിലി അറബികൾ വിശ്വസിച്ചിരുന്നത്. ചില കാലികളിൽ ചിലതിനെ ബഹീറഃ, സാഇബ, വസ്വീലഃ, ഹാമ തുടങ്ങിയ പേരുകളിൽ വിളിക്കുകയും അവയുടെ മാംസം നിഷിദ്ധമാക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച് സൂറഃ *അൽമാഇദ* 103-ാം സൂക്തത്തിന്റെ വിവരണത്തിൽ *ഖുർആൻ ബോധനം* വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ഇത്തരം നിരോധങ്ങളൊന്നും അല്ലാഹു ഏർപ്പെടുത്തിയിട്ടുള്ളതല്ലെന്നും ജാഹിലിയ്യത്തിന്റെ മൗഢ്യങ്ങളാണെന്നും ഉണർത്തുകയാണ്. എല്ലാ കാലികളുടെയും മാംസം മനുഷ്യർക്ക് ആഹരിക്കാൻ അനുവാദമുണ്ട്. ആഹരിച്ചുകൂടാത്ത മാംസങ്ങൾ ഏതൊക്കെയാണെന്ന് അല്ലാഹു വ്യക്തമായി വിശദീകരിച്ചുതരുന്നുണ്ടെന്നാണ് إِلَّا مَا يُتۡلَىٰ عَلَيۡكُمۡ എന്ന വാക്യത്തിലൂടെ ഉണർത്തുന്നത്. സൂറഃ *അൽമാഇദ* 3-ാം സൂക്തത്തിലാണ് ആ വിശദീകരണം വന്നിട്ടുള്ളത്. ഖുർആന്റെ ക്രോഡീകരണ ക്രമമനുസരിച്ച് *അൽമാഇദ* അഞ്ചാം സൂറയാണെങ്കിലും 22-ാം സൂറയായ *അൽഹജ്ജി*ന്റെ ശേഷമാണതവതരിച്ചത്. അതുകൊണ്ടാവാം നിങ്ങൾക്ക് വിശദീകരിച്ചുതന്നിട്ടുള്ള ما تلي عليكم എന്നു പറയാതെ, നിങ്ങൾക്ക് വിശദീകരിച്ചുതരുന്ന- مَا يُتۡلَىٰ عَلَيۡكُمۡ - എന്ന ഭാവികാല വചനത്തിൽ പറഞ്ഞത്. വരാൻ പോകുന്ന കാര്യങ്ങളെ വന്നു കഴിഞ്ഞതായും മറിച്ചും അവതരിപ്പിക്കുന്നതിനും ഖുർആനിൽ ഉദാഹരണങ്ങൾ കാണാം. ■

**31**

حُنَفَآءَ لِلَّهِ غَيۡرَ مُشۡرِكِينَ بِهِۦۚ وَمَن يُشۡرِكۡ بِٱللَّهِ فَكَأَنَّمَا خَرَّ
مِنَ ٱلسَّمَآءِ فَتَخۡطَفُهُ ٱلطَّيۡرُ أَوۡ تَهۡوِي بِهِ ٱلرِّيحُ فِي مَكَانٖ سَحِيقٖ ﴿٣١﴾

31. അല്ലാഹുവിന് പങ്കാളികളെ കൽപിക്കാതെ അവന്റെ നിഷ്കളങ്കരായ ദാസന്മാരായിരിക്കുവിൻ. അല്ലാഹുവിന് പങ്കാളികളെ കൽപിക്കുന്നവൻ മാനത്തുനിന്ന് വീണുപോയവനെപ്പോലെയാകുന്നു. അവനെ വേട്ടപ്പക്ഷികൾ റാഞ്ചിക്കൊണ്ടുപോകുന്നു. അല്ലെങ്കിൽ കാറ്റ് ഏതെങ്കിലും അഗാധഗർത്തത്തിൽ തള്ളിയിടുന്നു.

**31**

അല്ലാഹുവിന്റെ നിഷ്കളങ്കരായി (യ ദാസന്മാരായിരിക്കുവിൻ) = حُنَفَآءَ لِلَّهِ

മുശ്‌രിക്കുകളാകാതെ (അവന് പങ്കാളികളെ കൽപിക്കാതെ) = غَيْرَ مُشْرِكِينَ بِهِۦ

വല്ലവനും അല്ലാഹുവിന് പങ്കാളിയെ കൽപിച്ചാൽ (കൽപിക്കുന്നവൻ) = وَمَن يُشْرِكْ بِٱللَّهِ

അവൻ മാനത്തു നിന്ന് വീണുപോയവനെപ്പോലെയാകുന്നു = فَكَأَنَّمَا خَرَّ مِنَ ٱلسَّمَآءِ

(വേട്ട)പ്പക്ഷി(കൾ) = ٱلطَّيْرُ അപ്പോൾ അവനെ റാഞ്ചിക്കൊണ്ടുപോകുന്നു = فَتَخْطَفُهُ

ഒരു സ്ഥലത്തിൽ = فِى مَكَانٍ കാറ്റ് = ٱلرِّيحُ അല്ലെങ്കിൽ അവനെയും കൊണ്ട് വീഴു(തള്ളിയിടു)ന്നു = أَوْ تَهْوِى بِهِ

വിദൂരമായ (അഗാധ ഗർത്തത്തിൽ)= سَحِيقٍ

**മൂ**ലത്തിലെ حُنَفَآءَ ഹനീഫിന്റെ ബഹുവചനമാണ്. മിഥ്യയിൽ നിന്ന് തിരിഞ്ഞ് സത്യത്തോട് ആഭിമുഖ്യം പുലർത്തുന്നവനാണ് ഭാഷാർഥത്തിൽ حنيف. ഇതര വിശ്വാസ പദ്ധതികളെല്ലാം വെടിഞ്ഞ് നിഷ്കളങ്കവും നിഷ്കപടവുമായി അല്ലാഹുവിൽ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ് حُنَفَآءَ لِلَّهِ. ഈ വാക്യം മുമ്പുള്ള ٱجْتَنِبُوا۟ എന്ന വാക്കുമായി ബന്ധപ്പെട്ടതാണ്. അതായത് വിഗ്രഹ മാലിന്യങ്ങളും പൊളിവചനങ്ങളും വർജിച്ചാൽ നിങ്ങൾ അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാരായിത്തീരും. ഈ അടിസ്ഥാനത്തിൽ ചില പാരായകർ حُنَفَآءَ لِلَّهِ غَيْرَ مُشْرِكِينَ بِهِۦ എന്ന വാക്യത്തെ മുൻ സൂക്തത്തിന്റെ ഭാഗമായി ഗണിക്കുകയും അപ്രകാരം ഓതുകയും ചെയ്തിട്ടുണ്ട്. ഈ വാക്യത്തെ 31-ാം സൂക്തത്തിന്റെ ആരംഭമായി ഗണിച്ചുകൊണ്ടുള്ളതാണ് കൂടുതൽ പ്രചുരമായ പരായണം. അപ്പോൾ കൂടുതൽ ഉചിതമാവുക حُنَفَآءَ-നെ كونوا എന്ന അനുക്ത വാക്കിന്റെ ആഖ്യാതം -خبر - ആക്കുന്നതായിരിക്കും. അതനുസരിച്ചാണ് തർജമ ചെയ്തിരിക്കുന്നത്. നിഷ്കളങ്കവും നിഷ്കപടവുമായ ദൈവദാസന്മാരാകുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുന്നതാണ് غَيْرَ مُشْرِكِينَ بِهِۦ എന്ന വാക്ക്.

ദിവ്യത്വം മറ്റാർക്കും പങ്കുവെക്കാതെ ഭക്തിയും വിധേയത്വവും ആരാധനയും അവനോടു മാത്രമായിരിക്കുകയും എല്ലാ കാര്യങ്ങളും അവന്റെ പ്രീതിയെ മാനിച്ചുകൊണ്ടു മാത്രം നിർവഹിക്കുകയും ചെയ്യുമ്പോഴാണ് ദൈവദാസൻ നിഷ്കളങ്ക മുസ്‌ലിമാവുക. അതാണ് ഇബ്റാഹീം നബിയുടെ പാരമ്പര്യം. إِنَّ إِبْرَٰهِيمَ كَانَ أُمَّةً قَانِتًا لِّلَّهِ حَنِيفًا وَلَمْ يَكُ مِنَ ٱلْمُشْرِكِينَ (ഇബ്റാഹീം സ്വയം ഒരു സമുദായമായിരുന്നു. അല്ലാഹുവിനോട് അത്യധികം വണക്കം പാലിച്ച നിഷ്കളങ്കൻ. ഒരിക്കലും ബഹുദൈവാരാധകനായിരുന്നില്ല- 16:120).

وَمَن يُشْرِكْ بِٱللَّهِ ...... مَكَانٍ سَحِيقٍ എന്ന വചനം ബഹുദൈവവിശ്വാസത്തിന്റെ കെടുതി ചിത്രീകരിക്കുന്ന ഉജ്ജ്വലമായ ഒരുപമയാണ്. ദൈവേതര ശക്തികളെയെല്ലാം വെടിഞ്ഞ് വിശ്വാസവും വിധേയത്വവും അല്ലാഹുവിൽ മാത്രം സമർപ്പിക്കുകയെന്നാൽ ബലിഷ്ഠമായ ഒരു പിടികയറിൽ പിടിക്കുകയാണ്.

فَمَن يَكْفُرْ بِٱلطَّٰغُوتِ وَيُؤْمِنۢ بِٱللَّهِ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ (ദൈവേതര ശക്തികളെ നിഷേധിച്ച് അല്ലാഹുവിൽ വിശ്വസിക്കുന്നവൻ ഉറപ്പേറിയ കയറിൽ പിടിച്ചിരിക്കുന്നു-2:256) ആ പിടിക്കയർ അല്ലാഹുവാണെന്ന് ഉണർത്തുകയാണിവിടെ. وَمَن يَعْتَصِم بِٱللَّهِ فَقَدْ هُدِىَ إِلَىٰ صِرَٰطٍ مُّسْتَقِيمٍ. അല്ലാഹുവിനെ മുറുകെപ്പിടിക്കുന്നവൻ സത്യമാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു (3:101).

فَأَمَّا ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَٱعْتَصَمُوا۟ بِهِۦ فَسَيُدْخِلُهُمْ فِى رَحْمَةٍ مِّنْهُ

(അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപ്പിടിക്കുകയും ചെയ്തവരുണ്ടല്ലോ, അവരെ അവൻ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാകുന്നു- 4:175). നിഷ്കളങ്കവും നിഷ്കപടവുമായി വിശ്വാസവും വിധേയത്വവും അല്ലാഹുവിന് സമർപ്പിച്ചവൻ ആത്മീയവും ധാർമികവുമായ മാലിന്യങ്ങളിൽ നിന്നുയർന്ന് അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിന്റെ വെളിച്ചത്തിൽ സംശുദ്ധവും സ്വതന്ത്രവുമായ സത്യത്തിന്റെ വിഹായസ്സിൽ വിഹരിക്കുകയാണ്. വിശ്വാസത്തിലും വിധേയത്വത്തിലും കാപട്യം കലർത്തുകയും അത് രണ്ടും അല്ലാഹുവല്ലാത്തവർക്ക് പങ്കുവെക്കുകയും ചെയ്യുന്ന മനുഷ്യൻ ബലിഷ്ഠമായ ആ കയറിൽ നിന്നുള്ള പിടി വിട്ടുപോകുന്നു. അവൻ അസത്യത്തിന്റെയും അവിദ്യയുടെയും മാലിന്യങ്ങളിൽ പതിക്കുന്നു. അവിടെ വ്യാജ മതങ്ങളുടെയും കൃത്രിമമായ ആത്മീയ പദ്ധതികളുടെയും ആദർശ പ്രസ്ഥാനങ്ങളുടെയും വക്താക്കളാകുന്ന വേട്ടപ്പക്ഷികളാൽ റാഞ്ചപ്പെടുന്നു. അങ്ങനെ വ്യാമോഹങ്ങളുടെയും മിഥ്യാസക്തികളുടെയും ഇരയായിത്തീരുന്നു. അല്ലെങ്കിൽ ജീവിതത്തിന്റെ അർഥത്തെക്കുറിച്ചാലോചിക്കാതെ, ഒന്നിലും വിശ്വസിക്കാതെ, അപ്പപ്പോഴുണരുന്ന ക്ഷണിക ചിന്തകളാകുന്ന കാറ്റിൽ അലക്ഷ്യമായി പാറി നടന്ന് ഏതെങ്കിലും കൂപത്തിൽ ചെന്നു പതിക്കുന്നു. مكان سحيق എന്നാണ് മൂല വാക്ക്. سَحَقَ ആണ് سحيق-ന്റെ മൂലപദം. നശിപ്പിക്കൽ, പൊടിക്കൽ, ദൂരത്താക്കൽ, താഴോട്ട മർത്തൽ എന്നെല്ലാം ഇതിനർഥമുണ്ട്. سَحَقَ -പൊടിച്ചു. سَحِقَ യും سَحُقَ യും ദൂരത്താക്കി, سحق ദൂരത്താവലും നാശവുമാണ്. مكان سحيق വിദൂര സ്ഥലമാകാം, ആഴമുള്ള സ്ഥലമാകാം, വിനാശകരമായ സ്ഥലവുമാകാം. ഇതു കൂടാതെ ചെന്ന് പതിക്കുന്ന വസ്തുവിനെ ഉടച്ചു പൊടിയാക്കുമാറ് കടുപ്പമേറിയ പ്രതലം എന്ന അർഥവും سحيق-ന് ഉണ്ട്.

അല്ലാഹുവിന്റെ ചിഹ്നങ്ങളോടുള്ള ആദരവും കാലികളുടെ ആഹാരയോഗ്യതയും വിഗ്രഹ വർജനവും പൊളിവചന വർജനവും പരാമർശിച്ച ഉടനെ ബഹുദൈവത്വത്തിന്റെ കെടുതിയെ വർണിച്ചതിന്റെ സൂചന അത്തരം അനുശാസനങ്ങളുടെ നിഷേധം വിഗ്രഹാരാധനപരമാണെന്നും അതുകൊണ്ടുള്ള ദോഷം അല്ലാഹുവിനല്ല മനുഷ്യർക്ക് തന്നെയാണെന്നുമാകുന്നു. ഏകദൈവത്വ സന്ദേശത്തിലൂടെ അല്ലാഹു അരുളിയ നിർഭയത്വത്തെയും സുരക്ഷിതത്വത്തെയും മനുഷ്യർ സ്വയം വിലക്കുകയാണ്. എന്നിട്ട് ചെകുത്താൻ വിരിച്ച ഓരോരോ വലകളിൽ ചെന്ന് വീഴുകയും ചെയ്യുന്നു. ■